**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1529** **03-02-2026 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ പത്ത് വർഷത്തിനിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കഴിഞ്ഞ പത്ത് വർഷത്തിനിടെ ആകെ **1,16,183** ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. അതിൽ **22,804** സ്ഥിര നിയമനവും, **93,379** താൽക്കാലിക നിയമനവും ഉൾപ്പെടുന്നു. |
| (ബി) | വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളും ഗുണഭോക്താക്കൾക്ക് ഇതുവരെ ലഭിച്ച സഹായങ്ങളും വിശദമാക്കാമോ; | (ബി) | വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതിനായി നടപ്പിലാക്കുന്ന 5 സ്വയംതൊഴിൽ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൂടുതൽ ആധുനികവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ പത്ത് വർഷത്തിനിടെ ഈ രംഗത്തുണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൂടുതൽ ആധുനിക വൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്, കഴിഞ്ഞ പത്ത് വർഷത്തിനിടെ ഈ രംഗത്തുണ്ടായ മാറ്റങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | ഭിന്നശേഷിക്കാർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഭിന്നശേഷിക്കാർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയവരുടെ വിവരങ്ങൾ ചുവടെ നൽകുന്നു.<br><br>**ഭിന്നശേഷിക്കാർ - 12,666**<br><br>**പട്ടികജാതി വിഭാഗം - 17,226**<br><br>**പട്ടികവർഗ്ഗ വിഭാഗം - 2,092** |

| | | | |
|---|---|---|---|
| (ഇ) | ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിൽ സർക്കാരിന് എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000/- രൂപ സാമ്പത്തിക സഹായം നൽകുന്ന 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക്' പദ്ധതി ആരംഭിച്ചു.<br><br>ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സമന്വയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പി എസ് സി / യു പി എസ് സി / എസ് എസ് സി മത്സര പരീക്ഷയ്ക്കുള്ള പരിശീലനം , അഭിമുഖം, സംഘ ചർച്ച എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, മത്സര പരീക്ഷകൾക്കായും മറ്റും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം പകർന്നു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, കരിയർ മാർഗ്ഗ നിർദ്ദേശം, സ്വയം തൊഴിൽ ചെയ്യാനുള്ള നൈപുണ്യ വികസന പിന്തുണ, സംരംഭകത്വ വികസനം, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വിദൂര പ്രദേശങ്ങളിലെ മേഖലയിൽ നേരിട്ടെത്തി, തൊഴിൽമാർഗ്ഗനിർദ്ദേശം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**1. കെസ്‌റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ളതും കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകന്റെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

കെസ്‌റു സ്വയംതൊഴിൽ പദ്ധതി മുഖേന നാളിതുവരെ 15,360 ഗുണഭോക്താക്കൾക്ക് 21,64,25,876/- (ഇരുപത്തൊന്ന് കോടി അറുപത്തിനാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി എഴുപത്തിയാറ്) രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

**2. മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ള (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്ത 2 മുതൽ 5 വരെ ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ട ഗ്രൂപ്പുകൾക്ക് (ജോബ് ക്ലബ്ബുകൾക്ക്) സ്വയം തൊഴിൽ ചെയ്യുന്നതിന് മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ് വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ് സ്വയംതൊഴിൽ പദ്ധതി മുഖേന നാളിതുവരെ 1099 സംയുക്ത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 16,79,05,808/- (പതിനാറ് കോടി എഴുപത്തിയൊൻപത് ലക്ഷത്തി അയ്യായിരത്തി എണ്ണൂറ്റി എട്ട്) രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

**3. ശരണ്യ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ,

വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ. ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു.

ശരണ്യ സ്വയംതൊഴിൽ പദ്ധതി മുഖേന നാളിതുവരെ 41,333 വനിതാ ഗുണഭോക്താക്കൾക്ക് 193,34,36,206/- (നൂറ്റിതൊണ്ണൂറ്റിമൂന്ന് കോടി മുപ്പത്തിനാല് ലക്ഷത്തി മുപ്പത്തി ആറായിരത്തി ഇരുന്നൂറ്റി ആറ്) രൂപ വായ്പാ ഇനത്തിലും സബ്സിഡി ഇനത്തിലുമായി വിതരണം ചെയ്തിട്ടുണ്ട്.

**4. കൈവല്യ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാലു ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി [അൻപത് ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. പ്രോജക്ടിന് ആവശ്യമെന്ന് കണ്ടാൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്.

കൈവല്യ സ്വയംതൊഴിൽ പദ്ധതി മുഖേന നാളിതുവരെ 9,615 ഗുണഭോക്താക്കൾക്ക് 48,05,40,000/- (നാല്പത്തിയെട്ട് കോടി അഞ്ച് ലക്ഷത്തി നാല്പതിനായിരം) രൂപ വായ്പാ ഇനത്തിലും സബ്സിഡി ഇനത്തിലുമായി വിതരണം ചെയ്തിട്ടുണ്ട്.

**5. നവജീവൻ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50000/-രൂപ (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പ തുകയുടെ 25% (12500/- രൂപ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ് നവജീവൻ സ്വയംതൊഴിൽ പദ്ധതി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50-65 പ്രായപരിധിയിലുള്ളതും വ്യക്തിഗത വാർഷിക വരുമാനം, ഒരു ലക്ഷം രൂപയിൽ കവിയാത്ത എഴുത്തും വായനയും അറിയാവുന്ന ഏതൊരു വ്യക്തിയ്ക്കും

ഈ പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കുകൾ, കെ.എസ്.എഫ്.ഇ, കേരള ബാങ്ക് മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വായ്പ അനുവദിക്കാവുന്നതാണ്.

നവജീവൻ സ്വയംതൊഴിൽ പദ്ധതി മുഖേന നാളിതുവരെ 1,853 ഗുണഭോക്താക്കൾക്ക് 2,01,41,845/- (രണ്ട് കോടി ഒരു ലക്ഷത്തി നാല്പത്തിഒന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിയഞ്ച്) രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

Kavitha T.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

ഗ്രാമീണ മേഖലയിലെ അഭ്യസ്ത വിദ്യരായ വിദ്യാർത്ഥികൾക്കും, തൊഴിൽ രഹിതർക്കും അവരുടെ അഭിരുചിക്ക് അനുസരിച്ച് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും, തൊഴിൽ നേടുന്നതിനും പ്രപ്തരാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി ആരംഭിച്ചു. സംസ്ഥാനത്ത് നിലവിൽ 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രകർത്തിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, ആലപ്പുഴ ജില്ലയിലെ കായംകുളം, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിലാണ്. കൂടാതെ തൃശൂർ ജില്ലയിലെ ചേലക്കര, തിരുവനന്തപുരം ജില്ലയിലെ കരമന എന്നിവിടങ്ങളിൽ പുതിയതായി കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ പത്തു വർഷത്തിനിടെ തൃശൂർ,മലപ്പുറം, കാസർഗോഡ്,തിരുവനന്തപുരം ജില്ലകളിലായി പുതിയ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. ഇടുക്കി ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരഭിക്കുന്നതിലേക്ക് കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000/- രൂപ സാമ്പത്തിക സഹായം നൽകുന്ന 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക്' പദ്ധതി ആരംഭിച്ചു.

സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ വികസനം ലക്ഷ്യം വച്ച് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കി വരുന്ന സമന്വയ പദ്ധതി പ്രകാരം, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ ആധുനിക വൽക്കരിച്ച സ്മാർട്ക്ലാസ്സ് / കമ്പ്യൂട്ടർ ലാബ് / കരിയർ ലൈബ്രറി എന്നിവ സ്ഥാപിച്ച് ഈ വിഭാഗത്തിലെ തൊഴിൽരഹിതരായ പ്രൊഫഷണൽ/സാങ്കേതിക യോഗ്യത നേടിയവർ ഉൾപ്പെടെയുള്ള വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് സമഗ്ര പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

1) അതിന്റെ ഭാഗമായി കോഴിക്കോട് , പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള കോച്ചിങ് കം ഗൈഡൻസ് സെന്ററിൽ സ്മാർട്ട് ക്ലാസ് , കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചിട്ടുണ്ട്.

2) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ ക്ഷമത വർധിപ്പിപ്പിച്ച്, ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ തൊഴിൽ സാഹചര്യ ങ്ങളുമായി പൊരുത്തപ്പെടുന്നതിന് കെൽട്രോൺ പോലുള്ള ഗവണ്മെന്റ് അംഗീകൃത സ്ഥാപനങ്ങളുമായി സഹകരിച്ച് , ഷോർട് ടെം കമ്പ്യൂട്ടർ കോഴ്സുകൾ നടത്തുന്നുണ്ട്.

**ഓൺലൈൻ പോർട്ടൽ :-**

കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിച്ച് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് www.eemployment.kerala.gov.in ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ടി വെബ് സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.

**ഇ-ഓഫീസ് :-**

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിന് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

**മൊബൈൽ ആപ്ലിക്കേഷൻ :-**

എംപ്ലോയ്മെന്റ് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ, നെറ്റ്വർക്ക് കണക്ഷൻ എന്നിവയുടെ അപര്യാപ്തത കാരണം ടി ഓൺലൈൻ സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള പരിമിതികളുണ്ട്. ഇത് മറികടക്കുന്നതിനും വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതിനുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്.

**ക്യൂ.ആർ കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ് :-**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിന് പകരം സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ ഭാഗമായി സ്മാർട്ട് കാർഡ് പ്രിന്റിംഗിന് ആവശ്യമായ മോഡ്യൂൾ ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തുകയും ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി ആരംഭിക്കുകയും ചെയ്തു.

തുടർന്ന് തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി ആരംഭിച്ചു. കൂടാതെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . മാത്രമല്ല എല്ലാ ഉദ്യാഗാർത്ഥികൾക്കും അവരവരുടെ പ്രൊഫൈലിൽ കയറി സ്മാർട്ട് കാർഡ് ഡൌൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഓൺ ലൈൻ പോർട്ടലിൽ നല്കിയിട്ടുണ്ട്.

**പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് :-**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക മാന്ദ്യവും സംഭവിക്കുന്ന സാഹചര്യത്തിൽ പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഇതിനാവശ്യമായ ഓൺലൈൻ പോർട്ടൽ എൻ.ഐ.സി കേരള ഘടകം വഴി വികസിപ്പിക്കുകയും ഉണ്ടായി. പോർട്ടലിന്റെ പ്രധാന ഗുണഭോക്താക്കൽ താഴെപ്പറയുന്നവരാണ്.

i) വിദേശ മലയാളികൾ (നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ)
ii) കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ
iii) തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന മേൽപ്പറഞ്ഞ രണ്ട് വിഭാഗക്കാർ.

മേൽ പറഞ്ഞ വിഭാഗത്തിലുള്ളവർക്ക് അവരുടെ നിലവിലെ തൊഴിൽ സാഹചര്യം തൊഴിൽ നൈപുണ്യം വിദ്യാഭ്യാസ യോഗ്യത, വിദേശത്തോ നാട്ടിലോ ഉള്ള മേൽ വിലാസം എന്നിവ തെളിയിക്കുന്നതിനുള്ള ഏതെങ്കിലും ആധികാരിക രേഖ www.pravasi.employment.kerala.gov.in എന്ന പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് ഓൺലൈനായി രജിസ്ട്രേഷൻ നടത്താവുന്നതാണ്.

**മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആട്ടോമേറ്റഡ് ടോക്കൺ സിസ്റ്റം, സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്ക്കുകൾ, ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ ഗൈഡൻസ്

നൽകുന്നതിനുള്ള ഡിജിറ്റൽ ഡിസ്പ്ലേ എന്നിവ സ്ഥാപിച്ച് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിനു പകരം സ്മാർട്ട് കാർഡുകളും നൽകുന്ന തരത്തിൽ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്ന നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിന് തുടക്കം കുറിച്ചു കൊണ്ട് തിരുവനന്തപുരം, തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി ഉയർത്തുകയുണ്ടായി. കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്കുന്നതിനുള്ള നടപടികൾ ആയതിന്റെ അന്തിമഘട്ടത്തിലാണ്.

**പ്രൈവറ്റ് ജോബ് പോർട്ടൽ :-**

കേരളത്തിലെ തൊഴിൽ അന്വേഷകർക്ക് സ്വകാര്യ മേഖലയിലെ അനവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് സ്വകാര്യ തൊഴിൽ അവസരങ്ങൾക്കായി പ്രത്യേകമായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം നടക്കുന്ന ജോബ്ഫെസ്റ്റുകൾ ഈ പോർട്ടൽ മുഖേന സുഗമമായി സംഘടിപ്പിക്കാനും കഴിയും. തൊഴിലുടമകൾക്കും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നേരിട്ട് പോർട്ടലിൽ നിന്നുതന്നെ തിരഞ്ഞെടുക്കാനാകും.

**മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി :-**

യുവതലമുറയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും, അവരുടെ പഠനോത്സാഹം നിലനിർത്തുകയും, നൈപുണ്യ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോട് കൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി' .വിദ്യാർത്ഥികൾക്ക് മികച്ച ജോലി ലഭിക്കാൻ തൊഴിൽപരിശീലന സാമ്പത്തിക സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. നൈപുണ്യ വികസന പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കും പ്രതിമാസം ₹1000/- രൂപ സാമ്പത്തിക സഹായം. പ്രസ്തുത പദ്ധതി വകുപ്പിന്റെ ഓൺ ലൈൻ പോർട്ടലായ **www.eemployment.kerala.gov.in** മുഖേനയാണ് നടപ്പിലാക്കുന്നത്.

Kavitha. T

**സെക്ഷൻ ഓഫീസർ**